# 1

# വന്ദനം: ആത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടവർക്ക്

# (1:1, 2)

സാധാരണപോലെയാണ് അപ്പൊസ്തലൻ ലേഖനം ആരംഭിക്കുന്നത്. ശാന്തമായും, മര്യാദയായുമാണ് അവൻ പ്രാരംഭ വാക്യങ്ങളിൽ തന്നെ തിരിച്ചറിയിക്കുന്നതു. അത് വ്യക്തമാക്കുന്നത് ലേഖകനെകുറിച്ച് കേട്ടിരിക്കുമെന്നാണ്. അവന്റെ വാക്കുകൾ പറഞ്ഞുകൊടുക്കുന്ന രീതിയിലായിരുന്നില്ല; അവൻ എഴുതിയത് വ്യക്തിപരമായി അവനെ അനുഗമിക്കുന്നതിനോ തന്റെ അധികാരം ഉറപ്പിക്കുന്നതിനോ ആയിരുന്നില്ല. അവൻ സഭയെ ഉത്തേജിപ്പിക്കുന്നതിനും, അപ്പോഴത്തെ പ്രതിസന്ധി കൈകാര്യം ചെയ്യുവാനുള്ള വിഭവങ്ങൾ എന്താണെന്ന് അറിയിക്കുവാനും, ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം ഉറപ്പിക്കുന്നതിനും ജീവിത വിശുദ്ധി പ്രചോദിപ്പിക്കുന്നതിനുമായിരുന്നു. താഴെ പറയുന്നവക്ക് പശ്ചാത്തലം ഒരുക്കുന്നതായിരുന്നു ലേഖനത്തിലെ ആരംഭ വരികൾ

### ആരംഭ വന്ദനം (1:1, 2)

**[1]യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പത്രൊസ് പൊന്തൊസിലും ഗലാതൃയിലും കുപ്പദൊകൃയിലും ആസ്യയിലും ബിഥുന്യയിലും [2]ചിതറിപ്പാർക്കുന്ന പരദേശികളും പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായി വ്രതന്മാരുമായവർക്ക് എഴുതുന്നത്: നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ.**

**വാക്യം 1.** ലേഖകൻ രണ്ടുവിധത്തിലാണ് തന്നെ പരിചയപ്പെടുത്തുന്നത്: **പത്രൊസ്** ആയും, **യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായും.** അവൻ ജനിച്ചപ്പോഴത്തെ പേർ ശിമോൻ എന്നായിരുന്നു, കൂടുതൽ കൃത്യമായി പറഞ്ഞാൽ ശിമെയോൻ (ചില പുരാതന ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ പ്രവൃ. 15:14; 2 പത്രൊ. 1:1). യെഹൂദന്മാർക്ക് അത് പൊതുവായ ഒരു പേർ ആയിരുന്നു. മറ്റു ശിമോൻമാരിൽനിന്നു അവനെ തിരിച്ചറിയുവാനായി യോനായുടെ മകൻ ശിമോൻ എന്നായിരുന്നു അവനെ വിളിച്ചിരുന്നത് (ബർയോനാ; മത്താ. 16:17) അല്ലെങ്കിൽ അക്ഷരികമായി യോഹന്നാന്റെ മകൻ ശിമോൻ (യോഹ. 1:42). അപ്പൊസ്തലന്റെ മുൻഗാമികളെ കുറിച്ച് നമുക്ക് അധികമൊന്നും അറിയില്ല.

ഉള്ളിലെ മാനുഷിക സ്വഭാവവും ഉൾക്കാഴ്ച്ചയുമനുസരിച്ച് ശിമോനെ ആദ്യം യേശു കണ്ടപ്പോൾ തന്നെ അവന്നു ഒരു പുതിയ പേർ നൽകി. അവൻ അവനെ "കേഫാവ്" എന്നു വിളിച്ചു (യോഹ. 1:42). അരാമ്യ വാക്ക് "കേഫാവ്" ഗ്രീക്കിൽ തർജിമ ചെയ്തിരിക്കുന്നത് "പത്രൊസ്" എന്നായി. യേശു ഇംഗ്ലീ

ഷിൽ ആയിരുന്നു സംസാരിച്ചിരുന്നതെങ്കിൽ, അവൻ അവനെ "റോക്ക്" അല്ലെങ്കിൽ "സ്റ്റോൺ" എന്നു വിളിക്കുമായിരുന്നു. ന്യായപ്രമാണത്തിലും സങ്കീർത്തനങ്ങളിലും യിസ്രായേൽ ദൈവത്തെ വിളിച്ചിരുന്നത് പാറ എന്നാണ്.[1] ദൈവം സ്ഥിരമായിരിക്കുന്നവനും, വിശ്വസ്തനും, മാറാത്തവനുമാണ്. ഇളകുന്ന, എടുത്തു ചാട്ടക്കാരനും നിരപ്പില്ലാത്തവനുമായ ഗലീലക്കാരനായ മുക്കുവന് മാറുവാൻ കഴിയുമെന്ന് യേശു തിരിച്ചറിഞ്ഞിരുന്നു. യേശുവിന്റെ സാന്നിധ്യത്തിലേക്ക് വന്ന ശിമോന് ശക്തിയും സ്ഥിരതയും ബലവുമുള്ള പാറയായി തീരുവാൻ കഴിഞ്ഞു. ബർയോനാ ശിമോനായി ജനിച്ച ആ മനുഷ്യനു പത്രൊസ് ആയി തിരിച്ചറിയിക്കുവാൻ ഒരു വൈമനസ്യവുമില്ലായിരുന്നു. ആ പേരിനാലാണ് തന്റെ വായനക്കാർ അവനെ അറിഞ്ഞത്.

രണ്ടാം ലേഖനത്തിൽ, പത്രൊസ്, തന്നെ പരിചയപ്പെടുത്തിയത് "യേശുക്രിസ്തുവിന്റെ ദാസനും അപ്പൊസ്തലനുമായിട്ടാണ്" (2 പത്രൊ. 1:1). അതേ വാക്കുകളാൽ പൗലൊസും തന്നെ പരിചയപ്പെടുത്തിയിട്ടുണ്ട് (റോമ. 1:1; തിത്തൊ. 1:1). ആദ്യ ലേഖനം പത്രൊസ് ആരംഭിച്ചപ്പോൾ, "യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ" എന്നു പറഞ്ഞത് ധാരാളം മതിയായിരുന്നു. ലോകത്തിൽ തന്നെ പ്രതിനിധാനം ചെയ്യുന്നതിനും തന്റെ ദൗത്യം നിറവേറ്റുന്നതിനും, തന്റെ സാക്ഷികൾ ആകുന്നതിനും യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു നിർദ്ദേശങ്ങൾ കൊടുത്തിരുന്നു (ലൂക്കൊ. 6:13). മത്തായിയും മർക്കൊസും അവരെ ഓരോ പ്രാവശ്യം മാത്രമാണ് "അപ്പൊസ്തലന്മാർ" എന്നു വിളിച്ചത് (മത്താ. 10:2; മർക്കൊ. 6:30). ആ വാക്ക് ലൂക്കൊസിന്റെ സുവിശേഷത്തിൽ അടിക്കടി കാണാം. പന്തിരുവരെ പ്രവൃത്തികളുടെ പുസ്തകത്തിൽ പൊതുവിൽ "അപ്പൊസ്തലന്മാർ" എന്നാണ് വിളിച്ചിരിക്കുന്നത്, അവരെ യേശുവിന്റെ സാക്ഷികൾ, പ്രത്യേകിച്ച് അവന്റെ പുനരുത്ഥാനത്തിന് സാക്ഷികൾ എന്നാണ് പറഞ്ഞിരിക്കുന്നത് (പ്രവൃ. 1:8; 2:32; 3:15). താൻ ശൂന്യമായ കല്ലറ കണ്ടതായും ഉയർത്തെഴുന്നേറ്റ കർത്താവിനെ കണ്ടതായും ഒന്നാമത്തെ ലേഖനത്തിൽ പറയുവാൻ പത്രൊസ് മറന്നില്ല (5:1).

ആദ്യ വായനക്കാരോട് പത്രൊസ് ഒരു അപ്പൊസ്തലനായിരുന്നു എന്ന് ഓർമ്മിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. ക്രിസ്തീയ മണ്ഡലത്തിൽ ഒരു പാറയേ ഉള്ളു. അത് ആരാണെന്ന് അവർക്ക് അറിയാമായിരുന്നു. യേശുവിനോട് ചേർന്ന് ഗലീലിയിലും, യെഹൂദ്യയിലും, വർഷങ്ങൾക്ക് മുൻപ് അലഞ്ഞു തിരിഞ്ഞ സാഹചര്യത്തെയാണ് താൻ യേശുക്രിസ്തുവിന്റെ അപ്പൊസ്തലൻ എന്നതിൽ അന്തർലീനമാക്കിയത്. ചരിത്രത്തിലേക്ക് എത്തുന്നതായിരുന്നു പത്രൊസിന്റെ വാക്കുകൾ. യേശു ഒരു കണ്ടുപിടിത്തമോ, ഫാന്റമോ, ശരീരമില്ലാത്ത രൂപമോ ആയിരുന്നില്ല. അവൻ ജഡരക്തത്തോടുകൂടെയായിരുന്നു ജീവിച്ചത്. അവൻ യേശുവിനോടുകൂടെ ഒരു അപ്പൊസ്തലനായി ജീവിച്ചു. പത്രൊസ് അവന്റെ വാക്കുകൾ കേൾക്കുകയും, അവൻ കുഷ്ഠരോഗിയെ സ്പർശിക്കുന്നതു കാണുകയും, അവന്റെ ഉയർത്തെഴുന്നേൽപിനു സാക്ഷ്യം വഹിക്കുകയും ചെയ്തിരുന്നു. അപ്പൊസ്തലന്മാർക്ക് ചെയ്യുവാനുള്ള ദൗത്യം യേശു നൽകിയതിനാൽ, പത്രൊസിന്റെ വാക്കുകൾ ആധികാരികമായിരുന്നു. ദൈവജനത്തെ വാർത്തെടുക്കുവാനായിരുന്നു അപ്പൊസ്തലന്റെ ലേഖനം. ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ അത് തുടർച്ചയായി പണിതുകൊണ്ടാണിരിക്കുന്നത്. യഥാർത്ഥത്തിൽ പത്രൊസിന്റെ വാക്കുകൾ ദൈവത്തിന്റെ വാക്കുകളാണ്.

**പൊന്തൊസിലും, ഗലാതൃയിലും, കുപ്പദൊകൃയിലും, ആസ്യയിലും, ബിഥുന്യയിലും** ഉള്ള ശിഷ്യന്മാരെ സംബോധന ചെയ്തുകൊണ്ടാണ് പത്രൊസ് എഴുതുന്നത്. ഭൂമിശാസ്ത്രപരമായി പൊന്തൊസും ബിഥുന്യയും രണ്ട് വ്യത്യസ്ത പ്രദേശമാണെങ്കിലും, റോമാക്കാർ ആ രണ്ടു പ്രദേശങ്ങളേയും ഒന്നാക്കിയിരുന്നു. ആ അഞ്ചുപേരുകളും നാല് റോമൻ ഭരണ ജില്ലകളായിട്ടാണ് അറിയപ്പെട്ടിരുന്നത്. അവ നാലും വലിയ പ്രവിശ്യകളായിരുന്നു. അവ എല്ലാം ഒന്നിച്ച് ആസ്യാ ഭൂഖണ്ഡം അല്ലെങ്കിൽ, ഇന്നത്തെ ആധുനിക തുർക്കി എന്നറിയപ്പെടുന്നു (ആ പ്രദേശത്തെ കുറിച്ച് കൂടുതൽ അറിയുവാൻ, *മുഖവുര* നോക്കുക.)

പത്രൊസ് ഈ ലേഖനം എഴുതിയപ്പോൾ, 60 കളുടെ മദ്ധ്യത്തിൽ, ആസ്യാ ഭൂഖണ്ഡത്തിൽ എത്ര സഭകൾ ഉണ്ടായിരുന്നു അല്ലെങ്കിൽ എത്ര ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു വ്യക്തമല്ല. ഒരുപക്ഷെ നൂറുമടങ്ങോ അല്ലെങ്കിൽ ആയിരക്കണക്കിനോ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നേക്കാം. പൗലൊസിന്റെ പ്രവർത്തനത്തിന്റെ ഫലമായി ഗലാത്യയിൽ ഏതാനും സഭകൾ ഉണ്ടായിരുന്നതായി നമുക്ക് അറിയാം. ആരംഭഘട്ടത്തിൽ, പൊന്തൊസിലും, ബിഥുന്യയിലും, കുപ്പദൊക്യയിലും പ്രവർത്തനങ്ങൾ നടന്നതായി നമുക്ക് അറിവില്ല. ചിതറിപാർക്കുന്ന ഈ പ്രവിശ്യകളിൽ പത്രൊസ് തന്നെ ഒരുപക്ഷെ പ്രസംഗിക്കുകയും പ്രവർത്തിച്ചിരിക്കുകയും ചെയ്തിരിക്കാം. ആ പ്രദേശങ്ങളിലെ ക്രിസ്ത്യാനികൾ തന്റെ വാക്കുകൾ കേൾക്കുമെന്ന് അപ്പൊസ്തലൻ പ്രതീക്ഷിച്ചിരുന്നു.

*പാരെപിഡൊമിസ്* എന്ന വാക്കിന്റെ ഉപയോഗം തർജ്ജിമ ചെയ്തിരിക്കുന്നത്, **പരദേശികളായി താമസിക്കുന്നവരെ ഉദ്ദേശിച്ച്** പഴയ നിയമത്തിലെ ഒരു വിഷയത്തിന്റെ അടിസ്ഥാനത്തിലേക്ക് തിരിയുകയാണ്. 1:17-ൽ, പത്രൊസ് തന്റെ വായനക്കാരോട് "പ്രവാസ കാലം സൂക്ഷിപ്പിൻ" (*പാരോയികിയ*) എന്നു പറഞ്ഞു. അവർ "അന്യരും പരദേശികളും" ആയിട്ടാണ് 2:11-ൽ അവൻ പറഞ്ഞിരിക്കുന്നത്, അവിടെ ഉപയോഗിച്ചിരിക്കുന്നത് *പാരോയികിയയും പാരെപിഡെമോസും ആ*ണ്. ആ വിഷയം നമ്മെ അബ്രഹാം അലഞ്ഞുതിരിയുന്നവനായിട്ടായിരുന്നു കനാനിൽ താമസിച്ചത്, സാറാ മരിച്ചപ്പോൾ, അവളെ അടക്കുവാൻ അവന് സ്ഥലം ഇല്ലായിരുന്നു. അവൻ ജനത്തോട് പറഞ്ഞു, "ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനുമാകുന്നു" (ഉല്. 23:4; എബ്രാ. 11:13 നോക്കുക). യിസ്രായേൽ ജനം ദൈവത്തോടുകൂടെ തുടർന്നും "അന്യന്മാരും പരദേശികളും" ആണെന്ന് വെളിപ്പെടുത്തിയിരുന്നു (ലേവ്യാ. 25:23; സങ്കീ. 39:12 നോക്കുക). യേശുക്രിസ്തുവിനുള്ളവർ ലോകത്തിൽ വീട്ടിനുള്ളിൽ ഇരിക്കുന്നവരല്ല എന്ന് അവൻ വായനക്കാരെ ഓർപ്പിക്കുന്നു. അവർ കടന്നു പോകുന്ന തീർത്ഥാടകരാണ്. അവർ ലോകത്തിന്നു അനുരൂപരാകുവാനുള്ളവരല്ല എന്ന് ക്രിസ്ത്യാനികളെ മുന്നറിയിച്ചിരിക്കുകയാണ്. കർത്താവ് വീണ്ടും തേജസിൽ വെളിപ്പെടുമ്പോൾ അവരുടെ സ്ഥിര ഭവനം വെളിപ്പെടും.

ചിതറിപ്പാർക്കുന്നവരെ അല്ലെങ്കിൽ "വ്യാപിക്കപ്പെട്ട" (ഡിയാസ്പോരാ) ആളുകളെയാണ് 1 പത്രൊസും യാക്കൊബും സംബോധന ചെയ്യുന്നത്. ആ വാക്ക് പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തു മാത്രം കാണുന്നത് യോഹന്നാന്റെ സുവിശേഷത്തിലാണ് (7:35). അവിടെ പാലസ്തീനിൽനിന്നും ദൂരെ താമസിക്കുന്നവരെ ഗ്രീക്ക് ഭാഷയിലാണ് പറഞ്ഞിരിക്കുന്നത്. പഴയനിയമം ഗ്രീക്കിൽ തർജ്ജിമ ചെയ്തിരിക്കുന്നത്, സെപ്ത്വജിന്റിൽ (LXX), അത് ഗ്രീക്ക്

സംസാരിക്കുന്ന യെഹൂദന്മാർ വിശാലമായി ഉപയോഗിച്ചിരുന്നു, ജാതികൾക്കിടയിൽ ചിതറിപ്പാർക്കുന്ന യെഹൂദന്മാരെ പറയുവാനാണ് "ഡിയാസ്പോരാ" എന്ന വാക്ക് ഉപയോഗിച്ചത് (ആവ. 28:25; 41[34]:17). ഗ്രീക്ക്-റോമാ ലോകത്ത് "ചിതറിപ്പാർക്കുന്ന" ക്രിസ്ത്യാനികൾക്കായിരുന്നു പത്രൊസും യാക്കൊബും എഴുതിയത്, എന്നാൽ അതിലധികം അതിലുൾപ്പെടുന്നു. തങ്ങളുടെ സ്വർഗീയ വിശ്രമത്തിൽനിന്നു വേറിട്ടാണ് തന്റെ വായനക്കാർ ജീവിക്കുന്നതെന്നു പത്രൊസ് മനസിലാക്കി. അവർ വീണ്ടെടുപ്പ് ദിവസത്തിനായി കാത്തിരിക്കുകയായിരുന്നു. പോൾ എസ്. മിനിയർ ശരിയായി നിരീക്ഷിച്ചു, "പ്രവാസത്തിൽ ചിതറിപ്പാർക്കുന്നവരായി സഭയെ സംബോധന ചെയ്യുമ്പോൾ" (യാക്കൊ. 1:1; 1 പത്രൊ. 1:1), ലേഖകന്മാരുടെ മനസിൽ ഉണ്ടായിരുന്നത് "പാലസ്തീനിലെ ക്രിസ്ത്യാനികളുടെ അസാന്നിധ്യമല്ല, മറിച്ച് അവരുടെ സ്വർഗീയ സാന്നിധ്യമായിരുന്നു."[2] ക്രിസ്തുവിനെ അറിയുവാൻ വർത്തമാനകാലത്തിലെ ആളുകളുടെ അഭിലാഷത്തിൽനിന്നു വേർപെട്ട് കർത്താവിന്റെ ഇഷ്ടത്തിനു കീഴ്പ്പെടുവാൻ തീരുമാനിക്കണം.

പത്രൊസിന്റെ ലേഖനം യാക്കൊബിന്റേതിൽനിന്നു വ്യത്യാസം ഉള്ളതെന്തെന്നാൽ പത്രൊസിന്റെ ലേഖനത്തിൽ വായനക്കാരായി ജാതികളിൽനിന്നു പരിവർത്തനം ചെയ്തവർ ഉൾപ്പെട്ടിരിക്കുന്നു എന്നതാണ് (1:14, 18 ന്റെ പരാമർശം നോക്കുക). ആ വിഷയത്തെ കുറിച്ച് പല അഭിപ്രായങ്ങൾ ഉണ്ടെങ്കിലും, ജാതികളിൽനിന്നുള്ള പരിവർത്തകരെ യാക്കൊബ് വായനക്കാരായി പ്രതീക്ഷിച്ചിരുന്നില്ല. നൽകപ്പെട്ട പ്രത്യേക ഭൂപ്രദേശങ്ങളിൽ ചിതറിപ്പാർക്കുന്നവരെയാണ് പത്രൊസ് സംബോധന ചെയ്തതു എന്നതും പത്രൊസിന്റെ ലേഖനം വ്യത്യാസമുള്ളതാക്കുന്നു. റോമൻ പ്രവിശ്യകളിൽ "ചിതറിപ്പാർക്കുന്ന" യെഹൂദന്മാരിൽനിന്നും ജാതികളിൽനിന്നും പരിവർത്തനം ചെയ്തവരെയാണ് പത്രൊസ് സംബോധന ചെയ്തിരിക്കുന്നത്. ക്രിസ്ത്യാനികൾ എന്നത് ഒരു രൂപകാലങ്കാരമായിട്ടാണ് പറഞ്ഞിരിക്കുന്നത്. യാക്കൊബ് "ചിതറിപാർക്കുന്ന" (അല്ലെങ്കിൽ "വ്യാപിക്കപ്പെട്ട") പ്രത്യേകമായി യെഹൂദ ക്രിസ്ത്യാനികളെയാണ് സംബോധന ചെയ്തിരിക്കുന്നത്. യെഹൂദന്മാർ ഉപയോഗിച്ച സാങ്കേതിക അർത്ഥത്തിലാണ് യാക്കൊബ് ഉപയോഗിച്ചിരിക്കുന്നത്. കനാനിൽ താമസിക്കാതിരുന്ന യെഹൂദന്മാരെയാണ് യാക്കാബ് സംബോധന ചെയ്തത്.

ആത്മിയമായി പ്രാധാന്യമുള്ള സൂചനകൾ നിറയെ തന്റെ വായനക്കാർക്ക് നൽകുന്നതായിരുന്നു പത്രൊസ് വിവരിച്ച രണ്ടു വാക്കുകൾ. അവൻ അവരെ "പരദേശികൾ" എന്നും "തിരഞ്ഞെടുക്കപ്പെട്ടവർ" എന്നുമാണ് വിളിച്ചത്. ആ രണ്ടു വാക്കുകളുടേയും അന്തസത്ത പഴയനിയമത്തിൽ ഉപയോഗിച്ചിരുന്നതിൽനിന്നാണ് വരുന്നത്. ആ വാക്ക് യിസ്രായേലിന് പ്രാധാന്യമുണ്ടായിരുന്നത് പോലെ ക്രിസ്ത്യാനിത്വത്തിലും ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമത്തെ അടിസ്ഥാനപ്പെടുത്തിയ ലോകത്തെ കുറിച്ചായിരുന്നു പത്രൊസിന്റെ ചിന്ത. മുൻകാലങ്ങളിലെ ജ്ഞാനികളിൽനിന്നും, നിയമദാതാക്കളിൽനിന്നും, പ്രവാചകന്മാരിൽനിന്നും ഉള്ള പ്രബോധനങ്ങളും ആശയങ്ങളും അപ്പൊസ്തലന്റെ പ്രാധാന്യമുള്ള വാക്കുകളിൽ കാണാം. നടപടിയിൽ, അവൻ പഴയനിയമ വാക്കുകളും വിഷയങ്ങളും ഉപയോഗിച്ച് അവർക്ക് പ്രത്യേകമായ ക്രിസ്തീയ നിറം കൊടുത്തു.

നാം "പരദേശി" എന്ന വാക്കും അതുമായി ബന്ധപ്പെട്ട പര്യായങ്ങളും 1:17 ലും 2:11 ലും വരുമ്പോൾ കൂടുതൽ പഠിക്കും. ഇപ്പോൾ, നാം **തിരഞ്ഞെടു**

**ക്കപ്പെട്ട** എന്ന വാക്കിലാണ് ശ്രദ്ധിക്കുവാൻ ആഗ്രഹിക്കുന്നത്. യെഹൂദന്മാരെ തിരിച്ചറിയിക്കുവാൻ "തിരഞ്ഞെടുക്കപ്പെട്ട" എന്ന വാക്കിനേക്കാൾ യോജിച്ച മറ്റൊന്നു കാണുകയില്ല. കാരണം അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട വരായിരുന്നു. മരുഭൂമിയിൽ വെച്ച് മോശെ യിസ്രായേൽ മക്കളോട് പറഞ്ഞു, "നിന്റെ പിതാക്കന്മാരെ സ്നേഹിച്ചതുകൊണ്ട്, അവൻ അവരുടെ സന്തതിയെ തിരഞ്ഞെടുത്തു" (ആവ. 4:37). നിയമദാതാവ് പിന്നെ പറഞ്ഞു, "... നിന്റെ പിതാക്കന്മാരോട് മാത്രം യഹോവക്കു പ്രീതി തോന്നി; അവരുടെ സന്തതിയെ ഇന്നുള്ളതുപോലെ അവൻ സകല ജാതികളിലും വെച്ചു തിരഞ്ഞെടുത്തു ..." (ആവ. 10:15).

"തിരഞ്ഞെടുത്തു" എന്ന വാക്ക് യെഹൂദന്മാർക്ക് മാത്രമായി പ്രത്യേകിച്ച് ഉപയോഗിച്ചിരിക്കയാൽ (സങ്കീ. 105:6), ദാവീദിന്റേയും പിൻഗാമികളുടേയും കീഴിൽ യെഹൂദന്മാർ ഒരു ദേശമായും രാഷ്ട്രീയമായും തിരിച്ചറിയിക്കപ്പെട്ടു. അത് ക്രിസ്തുവിന്റെ സന്ദേശം സകലജാതികൾക്കുമായി ആരംഭിക്കുന്നതു വരെ അങ്ങനെ ആയിരുന്നു (മത്താ. 28:19). "തിരഞ്ഞെടുക്കപ്പെട്ട" എന്ന വാക്ക് അവരിൽ ചിലർക്ക് അവ്യക്തമായിരുന്നു എങ്കിലും ക്രസിത്യാനികൾ ആ വാക്ക് തിരിച്ചറിയുമെന്ന് പ്രതീക്ഷിക്കുന്നു. യിസ്രായേലിന്റെ നേരിട്ടുള്ള ആത്മിയ വി പുലീകരണമാണ് യേശുക്രിസ്തുവിന്റെ സഭ. ഗ്രീക്ക് വാക്ക് *എക്ലെറ്റോസ്* വിവിധ രീതിയിൽ തർജ്ജിമ ചെയ്തിരിക്കുന്നത് "എലെക്റ്റ്" അല്ലെങ്കിൽ "തിരഞ്ഞെടുക്കുക" എന്നാണ്. പൗലൊസും (റോമ. 8:33; കൊലൊ. 3:12; തിത്തൊ. 1:1) അല്ലെങ്കിൽ പത്രൊസും അവർ ദൈവത്താൽ "തിരഞ്ഞെടുക്ക പ്പെട്ട" വരാണ് എന്ന കാര്യം മറക്കരുത് എന്ന് ഓർപ്പിച്ചു.

തിരഞ്ഞെടുക്കപ്പെട്ടത് കഴിഞ്ഞുപോകുന്ന പ്രവൃത്തിയായി ചുരുക്കുവാൻ ക്രിസ്ത്യാനികൾ പ്രേരിതരായേക്കാം. ഒരാൾ ഒന്നും ചെയ്യുന്നില്ല; അയാൾ ഒന്നും മിണ്ടാതിയിരുന്നു ദേവം തിരഞ്ഞെടുക്കട്ടെ എന്നു വിചാരിച്ചേക്കാം-ചിലർ ഹൃദയത്തിന്റെ ആത്മിയ നവോത്ഥാനത്താൽ തിരഞ്ഞെടുത്തവരോട് ബന്ധപ്പെടുന്നു-വിഷയാത്മകമായ അനുഭവത്താൽ ഒരാൾ തിരഞ്ഞെടുക്ക പ്പെട്ടതിനാൽ താൻ ദൈവത്തിനുള്ളവനാണ് എന്ന് അറിയുന്നു. നിത്യത മുതൽ ദൈവം ചിലരെ മാത്രം പ്രത്യേകതയുള്ളവരായി തിരഞ്ഞെടുക്കുന്നു എന്ന ചിന്താഗതി ഏതാനും പേർ നിലനിർത്തിയിരിക്കുന്നു. ഒരാൾ ജനിക്കുമ്പോൾ, ഒന്നുകിൽ തിരഞ്ഞെടുക്കപ്പെടുന്നു അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെടാതിരിക്കു ന്നു. ഒരാൾ തിരഞ്ഞെടുക്കപ്പെടുകയോ തിരഞ്ഞെടുക്കപ്പെടാതിരിക്കുകയോ ചെയ്യുന്നതിനാൽ ദൈവത്തിന്റെ നിത്യകൽപന എന്ന അവസ്ഥക്ക് മാറ്റം വരു ത്തുവാൻ അയാൾക്ക് സാധ്യമല്ല.

ഒരാൾ ഉപേക്ഷിക്കുവാൻ കണ്ടെത്തുന്ന പ്രവണതയാണ് നാം അതിൽ കാണുന്നത്. ഈ കാര്യത്തിൽ, ദൈവത്തിന്റെ മുന്നറിവിനെ കുറിച്ച് ജെ. ഹോ വാർഡ് മാർഷൽ പറഞ്ഞു, "സഭ ഉണ്ടാകുവാനായി ആരംഭം കുറിച്ചത് കർത്താ വാണ് എന്ന ആശയമാണ് അതിൽ ഉള്ളത്."[3] തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന ആശയം പഴയനിയമത്തിൽ ആരംഭിച്ചതാണ്. യിസ്രായേലിനെ ഒരു ദേശമായി ദൈവം തിരഞ്ഞെടുത്തു, പക്ഷെ വ്യക്തികളായി പലരും അഭക്തരായിട്ടാണ് ജീവിച്ചത്. വ്യക്തികളുടെ അഭക്തി കാരണം ദൈവം തിരഞ്ഞെടുക്കപ്പെട്ട ദേശം എന്ന നിലവാരത്തെ ദൈവം അവരിൽനിന്നും എടുത്തു കളഞ്ഞില്ല. വ്യക്തി കളെ ദൈവത്തിന്റെ സാന്നിധ്യത്തിൽനിന്നും ഛേദിച്ചു കളഞ്ഞിരുന്നു,പക്ഷെ യിസ്രായേലിനെ തിരഞ്ഞെടുക്കപ്പെട്ട അവസ്ഥയിൽ തന്നെ നിലനിർത്തി.

അതുപോലെ, സഭയും, യിസ്രായേലിന്റെ ആത്മീയമായ നിലവാരം, "തിരഞ്ഞെടുക്കപ്പെട്ട" അവസ്ഥ നിലനിർത്തിയിരുന്നു. സഭയിലെ വ്യക്തികളായ അംഗങ്ങൾ വിശ്വാസത്തിനനുസരിച്ച് പ്രവർത്തിപ്പാൻ നിർബ്ബന്ധിതരാകുന്നു. ദൈവത്തിന്റെ വിളിയിൽ "പ്രതിരോധിക്കുവാൻ കഴിയാത്ത കൃപ" എന്ന ഒന്നില്ല. സുവിശേഷത്തോട് പ്രതികരിക്കുന്ന ഏതൊരാൾക്കും സാർവ്വലൗകികമായി ലഭിക്കുന്നതാണ് രക്ഷ. പൗലൊസ് എഴുതി, "... ദൈവം നിങ്ങളെ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തിരഞ്ഞെടുത്തതുകൊണ്ട് കർത്താവായ യേശുവിന്റെ മഹത്വം പ്രാപിപ്പാനല്ലൊ അവൻ നിങ്ങളെ രക്ഷക്കു വിളിച്ചത് ..." (2 തെസ്സ. 2:13, 14). ഒരാൾ സുവിശേഷം കേട്ട്, വിശ്വസിച്ച്, അനുസരിക്കുമ്പോൾ, അയാൾ "തിരഞ്ഞെടുക്കപ്പെട്ട" അവസ്ഥയിലേക്ക് ഉയരുകയാണ്. തങ്ങളുടെ വിശ്വാസം അനുസരിക്കുവാൻ നിർബ്ബന്ധിക്കുന്നവരെ ദൈവം രക്ഷക്ക് തിരഞ്ഞെടുക്കുന്നു (എഫെ. 2:8). തിരഞ്ഞെടുക്കപ്പെട്ടവരെ കർത്താവ് ക്രിസ്തുവിനുള്ളവരാക്കുവാൻ തന്റെ സഭയോട് ചേർക്കുന്നു (പ്രവൃ. 2:47).

**വാക്യം 2**. പത്രൊസ് തന്റെ സംബോധന തുടർന്നു രേഖപ്പെടുത്തി. അവർ ആരായിരുന്നു എന്നും ക്രിസ്തുവിനെ കൈക്കൊള്ളുക എന്നാൽ എന്താണ് എന്നും നന്നായി മനസിലാക്കണമായിരുന്നു. പിതാവായ **ദൈവത്തിന്റെ മുന്നറിവ് പ്രകാരമാണ് ദൈവം അവരെ തിരഞ്ഞെടുത്തത്**. യെഹൂദ പശ്ചാത്തലത്തിൽനിന്നും ജാതികളുടെ പശ്ചാത്തലത്തിൽനിന്നും ക്രിസ്ത്യാനികളായി തീർന്നവർ മനസിലാക്കേണ്ട യാഥാർത്ഥ്യമായിരുന്നു പഴയനിയമകാലത്ത് യിസ്രായേലിനു വെളിപ്പെടുത്തിയത്. അതേ ദൈവത്തെയാണ് പുതിയനിയമത്തിൽ നസറായനായ യേശുവിൽ വെളിപ്പെടുത്തിയിരിക്കുന്നത്. യേശുവിനെ പ്രസംഗിക്കുക എന്നാൽ പുതിയ ഒരു ദൈവത്തെ പ്രഖ്യാപിക്കൽ അല്ല. കൂടാതെ, സഭ സ്ഥാപിച്ചതും ലോകത്തിൽ ദൈവത്തിന്റെ പുതിയ പദ്ധതി ആയിരുന്നില്ല. കഴിഞ്ഞകാലത്ത് മുന്നറിയപ്പെട്ടതായിരുന്നു ദൈവത്തിന്റെ ഉദ്ദേശം. യേശുവിനെ ക്രിസ്തു എന്ന് ഏറ്റു പറയുന്നവരാണ് അവന്റെ "തിരഞ്ഞെടുക്കപ്പെട്ടവർ" എന്നും തിരിച്ചറിയണം.

ദൈവശ്വാസിയരായ പുതിയ നിയമ എഴുത്തുകാർ ദൈവത്തിന്റെ "മുന്നറിവ്" എഴുതിയപ്പോൾ, ദൈവപുത്രനിൽ ഉള്ള രക്ഷ എന്ന വിഷയത്തെ കുറിച്ച് പറഞ്ഞപ്പോഴെല്ലാം "മുന്നറിവ്" എന്ന വിഷയം സ്ഥിരമായി ഉപയോഗിച്ചിരുന്നു. അത് പുതിയ യിസ്രായേൽ എന്ന തന്റെ സഭയെ കുറിച്ചുള്ള മുന്നറിവായിരുന്നു. നിഷേധ ഭാവത്തിൽ പറഞ്ഞാൽ, പുതിയ നിയമത്തിൽ വ്യക്തികളുടെ നിത്യജീവൻ എന്ന അന്തിമ സ്ഥാനം വെളിപ്പെടുത്താതിരുന്നിട്ടില്ല. ചിലരെ മുൻകൂട്ടി ശിക്ഷക്കു വിധിക്കുകയും മറ്റു ചിലരെ രക്ഷിക്കുകയും ചെയ്യുന്ന മുൻനിർണ്ണയ പദ്ധതി ദൈവത്തിന്റേതല്ല. ദൈവത്തിന്റെ "മുന്നറിവ്" സഭയാണ് അല്ലാതെ വ്യക്തികളല്ല. സഭ എന്ന ചിന്താഗതി ദൈവമനസിൽ രണ്ടാമത് ഉദിച്ച ചിന്തയായിരുന്നില്ല എന്നു തന്റെ വായനക്കാർ മനസിലാക്കുവാൻ പത്രൊസ് ആഗ്രഹിച്ചു. അത് ദൈവമനസിൽ എപ്പോഴും ഉണ്ടായിരുന്നു. യിസ്രായേൽ മാത്രമല്ല, സകല മനുഷ്യരും യേശുക്രിസ്തുവിലാകുവാൻ ആഗ്രഹിച്ച് അനുസരിക്കുന്നവരെ തിരഞ്ഞെടുത്ത് അവന്റെ സഭയിലാക്കുവാൻ യേശുക്രിസ്തുവിന്റെ സഭ മുൻനിർണ്ണയത്താൽ മുൻനിശ്ചയിച്ചിരുന്നു. അതുപോലെ പൗലൊസ് എഴുതിയപ്പോൾ, ദൈവം നമ്മെ "യേശുക്രിസ്തു മുഖാന്തരം ദത്തെടുത്തു മക്കളാക്കുന്നു" എന്നാണ് പറഞ്ഞത് (എഫെ. 1:5). "നമ്മെ" എന്ന

കൂട്ടത്തെയാണ് ദൈവം മുൻനിർണ്ണയത്താൽ തിരഞ്ഞെടുത്തത് അല്ലാതെ "നമ്മെ" എന്ന വ്യക്തികളെയല്ല.

**ആത്മാവിന്റെ വിശുദ്ധീകരണം** എന്ന പ്രയോഗം (*എൻ ഹാഗിയാസ്മോയി നെയുമാറ്റോസ്*), അക്ഷരികമായി, "ആത്മാവിന്റെ വിശുദ്ധിയിൽ," എന്നാൽ ദൈവത്തിന്റെ "തിരഞ്ഞെടുക്കപ്പെടുന്നവർ" ആത്മാവ് എന്ന ഏജന്റിനാൽ വിശുദ്ധരായവർ എന്നാണ് അർത്ഥം.[4] അതേ പ്രയോഗം 2 തെസ്സലൊനിക്യർ 2:13-ൽ പറയുന്നു, അവിടെ എൻഏഎസ്ബിയിൽ "ആത്മാവിനാലുള്ള വിശുദ്ധീകരണം മുഖാന്തരം" എന്നാണ്. സുവിശേഷ സത്യത്തിലുള്ള വിശ്വാസത്തോടുകൂടിയാണ് ആത്മാവ് വിശുദ്ധീകരിക്കുന്നത് എന്നാണ് പൗലൊസ് പറഞ്ഞത്; യേശുക്രിസ്തുവിനോടുള്ള അനുസരണവുമായി ബന്ധപ്പെടുത്തിയാണ് പത്രൊസ് പറഞ്ഞിരിക്കുന്നത്. രണ്ട് അപ്പൊസ്തലന്മാരും ഒരേ സത്യം വ്യത്യസ്ത വാക്കുകളാൽ പറഞ്ഞിരിക്കുന്നു. സുവിശേഷ വിളിയെ ഒരാൾ കേട്ട് അനുസരിക്കുമ്പോൾ ആത്മാവ് വിശ്വാസിയെ വിശുദ്ധീകരിക്കുന്നു. അനുസരിക്കുന്ന വിശ്വാസിയുടെ ഉള്ളിൽ ആത്മാവ് വസിക്കുകയും (പ്രവൃ. 2:38) ഭക്തിയുള്ള ജീവിതം നയിക്കുവാൻ സഹായിക്കുകയും ചെയ്യും. വിശ്വാസി "വിശുദ്ധർ" ആയി തീരുമ്പോൾ, ജീവിതം ദൈവവിശുദ്ധിയെ പ്രതിഫലിപ്പിക്കുകയാണ് (1 പത്രൊ. 1:15, 16). ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ആൾ എന്ന നിലയിൽ വേർതിരിക്കപ്പെട്ടതിനാൽ അയാൾ വിശുദ്ധനായി തീർന്നു.

**യേശുക്രിസ്തുവിനെ അനുസരിക്കുന്ന വിശ്വാസിയെ അവന്റെ രക്തത്താൽ തളിക്കപ്പെടുന്നതിനാൽ** അവൻ വിശുദ്ധനായി തീരുന്നു. എൻഏഎസ്ബിയുടെ തർജ്ജിമക്കാർ "യേശുക്രിസ്തുവിന്റെ" എന്ന പ്രയോഗത്തെ (*ജെസൗ ക്രിസ്റ്റൗ*) അനുസരണവും തളിക്കലും ഉൾപ്പെടുത്തി പറഞ്ഞിരിക്കുന്നു. ഗ്രീക്കിൽ "തളിക്കൽ" എന്ന വാക്കിനു ശേഷം "യേശുക്രിസ്തുവിന്റെ" എന്ന പ്രയോഗം ഒരിക്കൽ മാത്രമാണുള്ളത്. അനുസരണത്തെ ഒറ്റക്ക്-നില്ക്കുന്ന ആശയമായി എടുക്കുന്നതായിരിക്കും നല്ലത്. ആത്മാവിന്റെ വിശുദ്ധീകരണ പ്രവൃത്തിയാണ് "യേശുക്രിസ്തുവിന്റെ രക്തത്താലുള്ള തളിക്കലും അനുസരണവും." വിശുദ്ധീകരണം ക്രിസ്ത്യാനിയിൽ കഴിഞ്ഞുപോകുന്ന ഒന്നല്ല എന്നു പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിക്കുകയാണ്. വിശ്വാസി ദൈവേഷ്ടത്തെ കൈക്കൊള്ളുന്നതിനാൽ ദൈവേഷ്ടം അവന്റെ ഇഷ്ടമായി തീരുന്നു. പഴയ ക്രിസ്തീയ ഗാനത്തിൽ പാടുന്നതുപോലെ, "ക്രൂശിനെ മുറുകെ പിടിക്കുവാൻ, ഞാൻ വെറുങ്കയ്യോടെ വന്നു,"[5] ഒരു ഭാഗത്ത് ക്രിസ്തു വിശുദ്ധീകരിക്കുന്നു (1 കൊ. 1:30). വിശുദ്ധീകരണം ക്രിസ്ത്യാനിയിലുള്ള ധാർമ്മിക ആജ്ഞയാണ്. അതാണ് അനുസരണം. ക്രിസ്ത്യാനിയായി ജീവിക്കുക എന്നാൽ സംഘർഷത്തിൽ ജീവിക്കുക എന്നാണ്: (1) വിശുദ്ധീകരിക്കുന്നത് ക്രിസ്തു ആണ്. (2) "ക്രിസ്തീയ സന്ദേശം കേട്ട് ജീവിക്കുവാൻ എടുക്കുന്ന മാനുഷിക തീരുമാനത്താൽ" വരുന്നതാണ്.[6]

"അവന്റെ രക്തത്താൽ തളിക്കപ്പെടുക." അതേ പ്രിപ്പൊസിഷനാൽ നയിക്കപ്പെടുന്നു, വിശ്വാസിയുടെ വിശുദ്ധീകരണം അനുസരണത്തിനും യേശുക്രിസ്തുവിന്റെ രക്തത്താലുള്ള തളിക്കലിനുമാണ്. യിസ്രായേലിന്റെ മതപരമായ ജീവിതവും ക്രിസ്തീയ ആശയവും ഇടകലർത്തിയാണ് പത്രൊസ് എഴുതിയിരിക്കുന്നത്. രക്തം ചിന്തൽ നിസാരമായ കാര്യമല്ല എന്ന് അവൻ യിസ്രായേലിനെ ഓർപ്പിക്കുകയാണ്. മോശെ രക്തത്താൽ ജനത്തിന്മേലും യാഗപീഠത്തിന്മേലും തളിച്ചിരുന്നു (പുറ. 24:6, 8), പുരോഹിതന്മാരും യാഗപീ

റത്തിന്മേൽ രക്തം തളിക്കണമായിരുന്നു (ലേവ്യാ. 3:2) എബ്രായ ലേഖകൻ എഴുതി, "ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല" (എബ്രാ. 9:22).

ഒരാൾ ആത്മിയമായി ശുദ്ധീകരിക്കപ്പെടുക എന്നത് ആത്മിയമായ ആശയമാണ്. അക്ഷരികമായി രക്തം കറയായി തീരുമെന്നല്ലാതെ ശുദ്ധീകരിക്കുകയില്ല. നേരെ മറിച്ച് വെള്ളം അക്ഷരികമായി ശുദ്ധിയാക്കുന്ന ഒന്നാണ്. അതുകൊണ്ട് ന്യായപ്രമാണത്തിൻകീഴിലുള്ളവർക്ക് ജലത്താലുള്ള ശുദ്ധീകരണം പരിചയമുണ്ടയിരുന്നു. സംഖ്യാ പുസ്തകം അദ്ധ്യായം 19 ൽ ചുവന്ന പശുക്കുട്ടിയെ സംബന്ധിച്ച ഒരു ആചാരം പറയുന്നു. പുരോഹിതന്മാരായിരുന്നു ചുവന്ന പശുക്കുട്ടിയുടെ ചാരം വെള്ളത്തിൽ കലർത്തി അശുദ്ധരായവരെ ശുദ്ധീകരണ ആഘോഷങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. എബ്രായ ലേഖകൻ രക്ത തളിയും വെള്ളത്താലുള്ള ശുദ്ധീകരണവും യോജിപ്പിച്ചിരിക്കുന്നത് കണ്ടില്ലെന്നു നടിക്കരുത്. "... നാം ദുർമ്മനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട് പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക" (എബ്രാ. 10:22). പത്രൊസ് പെട്ടെന്ന് തന്റെ വായനക്കാരെ അവരുടെ വീണ്ടും ജനനം ഓർപ്പിക്കുകയാണ്, വീണ്ടും ജനനം എന്നു പറയുന്നത് ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുന്നതാണ്.

ഈ ചുരുങ്ങിയ വാക്കുകളാൽ അപ്പൊസ്തലൻ പിതാവായ ദൈവത്തിന്റേയും, പുത്രനായ ക്രിസ്തുവിന്റേയും, പരിശുദ്ധാത്മാവിന്റേയും ശുദ്ധീകരണത്താൽ ദൈവം ഏകനെന്ന് ക്രിസ്ത്യാനികളെ ഉറപ്പിക്കുകയാണ്, അവന്റെ ഏകത്വം മൂന്ന് വ്യക്തികളായിട്ടാണ് പ്രദർശിപ്പിച്ചിരിക്കുന്നത്, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. യെഹൂദന്മാർക്ക് ഏകത്വം എന്നത് ഒരു വിശ്വാസ കീറാമുട്ടിയായിരുന്നു. അത് ഇപ്പോഴും അങ്ങനെ തന്നെ. ദൈവം ഏകനെങ്കിലും, മൂന്നു വ്യക്തിത്വങ്ങളാണ് എന്നത് പുതിയനിയമത്തിൽ സൈദ്ധാന്തപരമായി വിശദീകരിക്കുന്നില്ല. പത്രൊസിന്, പുതിയനിയമത്തിലെ മറ്റു സംഭാവനകൾ പോലെ ത്രിത്വവും അവിടെത്തന്നെയുണ്ട്. ചരിത്രം നോക്കിയാൽ പ്രാരംഭ സഭയ്ക്കും ആ ആശയം ഒരു കീറാമുട്ടി തന്നെയായിരുന്നു എന്നു കാണാം. ത്രിത്വത്തെ കുറിച്ചുള്ള വിശദീകരണങ്ങൾ അസംഖ്യമുണ്ടെങ്കിലും അവ ഒന്നും തൃപ്തിപ്പെടുത്തുന്നവയായിരുന്നില്ല.

ത്രിത്വം എന്ന ആശയം താരതമ്യേന വലിയ ശ്രദ്ധ പിടിച്ചുപറ്റാതിരിക്കുവാൻ കാരണം എന്താണ്? ബൈബിളിൽ ആ വാക്ക് ഉപയോഗിച്ചിട്ടില്ല എന്നതാണ് ഒരു കാരണം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, ബാർട്ടൻ ഡബ്ലിയു. സ്റ്റോൺ സ്വാധീനമുള്ള ഒരു സുവിശേഷകനായിരുന്നു. പുതിയനിയമ സഭ അമേരിക്കയിൽ പുനരേകീകരിക്കുവാൻ വലിയ പങ്കു വഹിച്ച ആളായിരുന്നു അദ്ദേഹം. അയാളുടെ പേർ കേൾക്കുകയോ തിരിച്ചറിയുകയോ ചെയ്യാത്ത ആളുകളെ പോലും സ്വാധീനിച്ച ആളായിരുന്നു അയാൾ. സ്റ്റോൺ ത്രിത്വത്തെ കുറിച്ച് ഒന്നും സംസാരിച്ചിരുന്നില്ല. ചേരാത്തതായിട്ടാണ് അയാൾ ആ വാക്കിനെ കണ്ടത്. രണ്ട് ക്രിസ്തീയ ചിന്തകർക്ക് ത്രിത്വം ബൈബിൾ ഉപദേശത്തിന് ആവശ്യമില്ലാത്തത് എന്നൊഴിച്ചാൽ അവർക്ക് ആ വിഷയത്തിൽ യോജിക്കുവാൻ കഴിയുകയില്ല. എങ്ങനെയാണ് ഒരു കാര്യം ക്രിസ്തീയ ഉപദേശത്തിനു അനിവാര്യമാകുന്നത്? ഒരാൾക്ക് വിശദീകരിക്കുവാൻ കഴിയാത്തത് ഏത്? എന്നാണ് സ്റ്റോൺ ചോദിച്ചത്.[7] വിശ്വാസികൾക്കിടയിൽ ഐക്യം

ഉറപ്പുവരുത്തുവാൻ ത്രിത്വത്തിന് നിലനിൽപില്ല എന്ന നിലപാടായിരുന്നു സ്റ്റോണിന്റേത്. സഭയിൽ പലരും ഇന്ന് അതിനോട് യോജിക്കുന്നു. എങ്ങനെയായാലും, "ത്രിത്വം" എന്ന വാക്ക് ബൈബിളിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും, പത്രൊസ് പറഞ്ഞതുപോലെ, ആ ആശയം ഉണ്ട്. ദൈവം ഏകനായിരിക്കെ മൂന്നാകുന്നതെങ്ങനെ എന്ന് പൂർണ്ണമായും മനസിലാക്കുവാൻ ഒരു ക്രിസ്ത്യാനിക്കും കഴിയുകയില്ലെങ്കിലും, പത്രൊസ് പറഞ്ഞതുപോലെ ദൈവം പിതാവും, പുത്രനും, പരിശുദ്ധാത്മാവുമാണ് എന്നു നമുക്ക് ഉറപ്പിക്കാം.

പ്രാഥമികമായ കാര്യങ്ങളെല്ലാം അവസാനിപ്പിച്ചശേഷം, പത്രൊസ് ഔപചാരികമായ വന്ദനം വിപുലമാക്കി: **നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ**. ഗ്രീക്കിൽ അതേ വാക്കോടുകൂടിയാണ് അപ്പൊസ്തലൻ തന്റെ രണ്ടാം ലേഖനം ആരംഭിക്കുന്നത് (2 പത്രൊ. 1:2). പൗലൊസ് തന്റെ ലേഖനങ്ങളിൽ അഭിവാദ്യം ചെയ്യുവാൻ താൽപര്യപ്പെട്ട പ്രയോഗമായിരുന്നു "കൃപയും സമാധാനവും." തന്റെ വായനക്കാർ അവ വർദ്ധിപ്പിക്കുവാനായിരുന്നു പത്രൊസ് ആഗ്രഹിച്ചത്. ഒരർത്ഥത്തിൽ ആ വാക്കുകൾ ഔപചാരികമായിരുന്നു. പത്രൊസ് തന്റെ വായനക്കാരെ സംബോധന ചെയ്തപ്പോൾ അവയുടെ അർത്ഥം ഔപചാരികതയേക്കാൾ വലിയ രീതിയിൽ കൈകാര്യം ചെയ്തുകൊണ്ടാണ് ഉപയോഗിച്ചത് എന്നതിനു സാധ്യത കുറവാണ്. മറ്റൊരർത്ഥത്തിൽ ആ വാക്കുകൾക്ക് ഉപചാരത്തേക്കാൾ പ്രാധാന്യം ഉണ്ട്. ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള സൗജന്യ ദാനങ്ങൾ എല്ലാം ക്രിസ്ത്യാനികളുടെ സ്വഭാവത്തിൽ ദൈവസമാധാനം പുലരണമെന്നാണ് പത്രൊസ് ആഗ്രഹിച്ചത്.

## പ്രായോഗികത

### പ്രവാസികളെ തിരഞ്ഞെടുത്തു (1:1, 2)

മോശെ യിസ്രായേലിനു ന്യായപ്രമാണം നൽകിയപ്പോൾ, ചില സമയത്ത് അവൻ വിലക്കു വാക്കുകൾ നൽകിയിരിക്കുന്നു, "ഇതു ചെയ്യുന്ന വ്യക്തിയെ ജനത്തിനിടയിൽ നിന്നു ഛേദിച്ചുകളയും." ഉദാഹരണമായി, വിഗ്രഹാരാധനക്ക് ദൈവം ഈ ശിക്ഷ വിധിച്ചു:

> ... ഞാൻ അവന്നും കുടുംബത്തിന്നും നേരെ ദൃഷ്ടി വെച്ചു അവനെ അവന്റെ ജനത്തിൽനിന്നു ഛേദിച്ചുകളയും. മോലേക്കിനോട് പരസംഗം ചെയ്വാൻ പോകുന്ന എല്ലാവരേയും അവരുടെ ജനത്തിന്റെ നടുവിൽനിന്നു ഛേദിച്ചു കളയും. വെളിച്ചപ്പാടന്മാരുടേയും മന്ത്രവാദികളുടേയും പിന്നാലെ പരസംഗം ചെയ്വാൻ പോകുന്നവന്റെ നേരെയും ഞാൻ ദൃഷ്ടിവെച്ച് അവനെ അവന്റെ ജനത്തിൽനിന്നു ഛേദിച്ചുകളയും (ലേവ്യാ. 20:5, 6).

പുരാതന പൂർവ്വ ദിക്കുകളിൽ കൂട്ടിച്ചേർത്ത സംഘത്തിൽനിന്നു ഛേദിച്ചുകളയുന്നതിനേക്കാൾ വലിയ ശിക്ഷ മറ്റൊന്നില്ലായിരുന്നു. ഒരാളെ നിർബ്ബന്ധിച്ച് പ്രവാസത്തിലേക്ക് അയക്കുന്നത് കഠിനമായ ശിക്ഷയായിരുന്നു. ബാബിലോൺ യെഹൂദയെ പിടിച്ചടക്കിയപ്പോൾ, ദേശം മുഴുവൻ സ്വദേശത്തുനിന്നു ദൂരെ പരദേശികളായി പോയി. ബാബിലോണിൽനിന്നു ഒരു പ്രവാസി ഉച്ചത്തിൽ വിലപിച്ചു, "ഞങ്ങൾ യഹോവയുടെ ഗീതം അന്യദേശത്തു പാടു

ന്നതെങ്ങനെ?” (സങ്കീ. 137:4).

പ്രവാസം എന്ന വിഷയം ബൈബിളിൽ ആഴത്തിൽ ഇറങ്ങി ചെന്നിരിക്കുകയാണ്. പരദേശിയും അലഞ്ഞുതിരിയുന്നവനുമായിട്ടായിരുന്നു അബ്രഹാം കനാനിൽ എത്തിയത്. അവൻ ആ പ്രദേശത്തുള്ള ആരുമായും ചേർന്നില്ല. അവന്റെ ഭാര്യ സാറാ മരിക്കുവാനുള്ള സമയമായി. ജീവിച്ചിരിക്കുന്നവർക്ക് ചലിക്കുവാൻ കഴിയും, പക്ഷെ മരിച്ചവർക്ക് അത് സാധ്യമല്ല. അതുകൊണ്ട് അവളെ അടക്കുവാൻ അവനു സ്ഥലം ആവശ്യമായി വന്നു. തന്റെ സാഹചര്യം കനാനിലുള്ളവരോട് അബ്രഹാം ഇങ്ങനെ വിവരിച്ചു: “ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനുമാകുന്നു; ഞാൻ എന്റെ മരിച്ചവളെ കൊണ്ടുപോയി അടക്കേണ്ടതിന്നു നിങ്ങളുടെ ഇടയിൽ ഒരു ശ്മശാന ഭൂമി അവകാശമായി തരുവിൻ ...” (ഉല്. 23:4).

പ്രവാസിയായിട്ടുള്ള അബ്രഹാമിന്റെ വാസം, സ്വദേശം വിട്ടുള്ളതായിരുന്നു എങ്കിലും, യിസ്രായേൽജനത്തെ ഉപേക്ഷിച്ചുകൊണ്ടുള്ളതായിരുന്നില്ല. നൂറ്റാണ്ടുകൾക്ക് ശേഷം മോശെ അബ്രഹാമിന്റെ സന്തതികളെ മിസ്രയിമിൽ നിന്നു വിടുവിച്ചുകൊണ്ടുവന്നു. മരുഭൂമിയിൽവെച്ച് ദൈവത്തിൽനിന്നുള്ള നിയമം അവർക്ക് കൊടുത്തു. അവൻ നൽകിയവയിൽ ഇതും ഉൾപ്പെടുന്നു: “നിലം ജന്മം വിൽക്കരുത്; ദേശം എനിക്കുള്ളത് ആകുന്നു. നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നുപാർക്കുന്നവരുമത്രെ” (ലേവ്യാ. 25:23). യിസ്രായേൽജനം കനാനിൽ താമസിക്കണമായിരുന്നു, പക്ഷെ അത് അവർക്ക് സ്ഥിരമായിരുന്നില്ല.

ദാവീദ് തന്റെ ജീവിതം അവസാനിക്കാറായപ്പോൾ, അവൻ യെരുശലേമിൽ ഒരു ആലയം പണിയുവാനുള്ള ഒരുക്കങ്ങൾ നടത്തി. രാജ്യം ദേശത്തെ അനുഗ്രഹിച്ച് ഇതുപോലെ പ്രാർത്ഥിച്ചു: “ഞങ്ങൾ നിന്റെ മുൻപാകെ ഞങ്ങളുടെ സകല പിതാക്കന്മാരെയും പോലെ, അതിഥികളും പരദേശികളും ആകുന്നു” (1 ദിന. 29:15). അതേ ആശയം രാജാവ് തന്റെ ഒരു സങ്കീർത്തനത്തിൽ പ്രകടിപ്പിച്ചു, “യഹോവേ എന്റെ പ്രാർത്ഥന കേട്ട് എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ; എന്റെ കണ്ണുനീർ കണ്ട് മിണ്ടാതിരിക്കരുതേ; ഞാൻ എന്റെ സകല പിതാക്കന്മാരേയും പോലെ നിന്റെ സന്നിധിയിൽ അന്യനും പരദേശിയും ആകുന്നുവല്ലോ” (സങ്കീ. 39:12).

പരദേശി എന്ന ധനികമായ പശ്ചാത്തലത്തിൽനിന്നും എതിരായി, പ്രവാസം, അന്യൻ, എന്നിവരായിട്ടാണ് തന്റെ വായനക്കാരെ പത്രൊസ് സംബോധന ചെയ്യുന്നത്. ആദ്യ വായനക്കാർ തങ്ങളുടെ വിശ്വാസത്തിനായി കഷ്ടത അനുഭവിച്ചുകൊണ്ടാണിരുന്നത്. അതിന്റെ അനന്തരഫലമായി തന്റെ വായനക്കാർ മൂന്നു സത്യങ്ങൾ മനസിലാക്കണമെന്ന് ലേഖകൻ ആഗ്രഹിച്ചു.

*ഒന്നാമത്, ദൈവത്തിൽ വിശ്വസ്തരായ ആളുകൾ ഈ ലോകത്തിൽ ഒരിക്കലും പൂർണ്ണമായും സ്വഭവനത്തിൽ താമസിക്കുന്നവരല്ല.* അവരുടെ ജീവിതരീതിയും മാതൃകയും, അവരുടെ ദൈവത്തിലുള്ള വിശ്വാസവും കാലഘട്ടത്തിനു യോജിച്ചതായിരിക്കുകയില്ല, അവർ പ്രത്യേകതയുള്ള സംഘമാണ് എന്ന് അവർക്ക് ബോധ്യമുണ്ട്. ലോകത്തിൽ ഒന്നാം-നൂറ്റാണ്ടിലെ ഭക്തിയുള്ള ആളുകൾ അങ്ങനെയായിരുന്നു. ഇപ്പോഴും അത് അങ്ങനെ തന്നെയാണ്.

ഈ ലേഖനത്തിന്റെ ആദ്യ വായനക്കാർ ജീവിച്ചിരുന്നത് ആധുനിക ലോകത്തെ ആളുകൾ ജീവിക്കുന്നതിൽനിന്നു വ്യത്യാസത്തോടുകൂടെ ആയിരുന്നില്ല. ദുർന്നടപ്പ് അതിക്രമിച്ചിരിക്കയായിരുന്നു. ഒരാൾ ഒരു അടിമപ്പെൺകുട്ടിയെ

വാങ്ങുമ്പോൾ, അവന്റെ വസ്തുവായി മാറിയിരുന്നു. അടിമകൾ തമ്മിൽ വിവാഹം കഴിക്കുന്നത് വിലക്കിയിരുന്നു, അക്കാലത്ത് ധാരാളം അടിമകൾ ഉണ്ടായിരുന്നു. വിവാഹ മോചനവും ഗർഭഛിദ്രവും സാധാരണയായിരുന്നു. ആഗ്രഹിക്കാത്ത കുട്ടികളെ പുറംലോകം കാണിച്ചിരുന്നില്ല. അക്രമം ക്രമാതീതമായിരുന്നു. പത്രൊസിന്റെ വായനക്കാർ താമസിച്ചിരുന്നത് ഗ്രീക്ക് സംസാരിക്കുന്ന ലോകത്തിലായിരുന്നു, അവർ റോമാക്കാരുടെ വിനോദം ആവേശകരമായി ആസ്വദിച്ചിരുന്നു. പുരാതന റോമാക്കാർക്ക് പയറ്റു മൽസരം നടത്തുവാനുള്ള തിയേറ്ററുകളും കാണാമായിരുന്നു. ക്രൂര സ്വഭാവമുള്ള മൃഗങ്ങളെ പ്രദർശിപ്പിച്ചിരുന്നു. കരുണാർദ്രവമായ രീതിയിൽ അന്യോന്യം പോരാടിയിരുന്നു. ശിക്ഷക്കു വിധിച്ച കുറ്റവാളിയെ കത്തിയോ വലയോ പ്രതിരോധനത്തിന് കൊടുത്ത് അവയെ നേരിടുവാൻ ഇടക്ക് വിടുമായിരുന്നു. ക്രിസ്ത്യാനികൾ പെട്ടെന്ന് ഇരയാകുവാൻ സാധ്യതയുള്ള അതിക്രമങ്ങളും ദുർന്നടപ്പും പെരുകിയ ലോകത്താണ് അവർ ജീവിച്ചിരുന്നത്. തങ്ങൾ പ്രവാസികളാണെന്ന് അവർക്ക് തോന്നിയിരുന്നു.

ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലെ ലോകത്ത് പ്രായോഗികത വരുത്തുന്നത് പ്രയാസമുള്ള കാര്യമല്ല. നഗരങ്ങളിലെല്ലാം മരുന്നു യുദ്ധമാണ് നടക്കുന്നത്. ആധുനികലോകത്ത് അശ്ലീല ചിത്രങ്ങൾക്കും, വ്യഭിചാരത്തിനും, ലൈംഗിക അതിക്രമങ്ങൾക്കും ക്ഷാമം ഒന്നുമില്ല. ഓരോ രാത്രിയിലും പുറത്തുവരുന്ന വാർത്തകൾ ക്രിസ്ത്യാനികളെ ഞെട്ടിക്കുന്നതാണ്. ആളുകൾ ക്രിസ്തുവിനെ ഗൗരവമായി സ്വീകരിക്കുന്നേടത്തോളം, ക്രിസ്ത്യാനികൾ നസറേത്തുകാരനായ യേശുവിനെ അനുഗമിക്കുന്നേടത്തോളം, അവർ ഈ ലോകത്ത് പരദേശികളായി തുടർന്നുകൊണ്ടിരിക്കും.

*രണ്ടാമത്, അവരുടെ കഷ്ടതയുടെ മദ്ധ്യത്തിൽ, തന്റെ വായനക്കാരെ ദൈവം അവരെ തിരഞ്ഞെടുത്തതാണ് എന്ന് ഓർമ്മിപ്പിക്കുവാൻ ആഗ്രഹിച്ചിരുന്നു.* കടയിൽ പോയി വസ്ത്രം വാങ്ങുന്ന ആൾ തിരഞ്ഞെടുക്കുന്നതു പോലെ കഴിഞ്ഞുപോകുന്നതാണ് നമ്മുടെ തിരഞ്ഞെടുപ്പ് എന്നു നാം ചിന്തിച്ചു പോയേക്കാം. തിരഞ്ഞെടുക്കുവാൻ ഒരാൾ കാത്തിരിക്കണം. ഒരാൾ മരണത്തിൽനിന്നു ജീവിതത്തിലേക്ക് പ്രവേശിക്കുവാനായി ദൈവമാണ് എല്ലാറ്റിനും മുന്നിട്ട് പ്രവർത്തിച്ചത്. മതപരമായ ലോകത്ത് ധാരാളം ഉപദേശങ്ങളാണ് പ്രചരിക്കപ്പെട്ടിട്ടുള്ളത്. ദൈവം തിരഞ്ഞെടുക്കുന്നു. ദൈവം വിശ്വാസം നൽകുന്നു. ദൈവം രക്ഷ ഉറപ്പിക്കുന്നു. പാപി സ്വയം ചെയ്യുവാൻ ഒന്നും ആവശ്യപ്പെട്ടിട്ടില്ല.

പാപത്തിൽ മരിക്കുന്നതിൽനിന്നു ജീവങ്കലേക്ക് പ്രവേശിക്കുന്നത് കഴിഞ്ഞുപോയ ഒരു ആശയമാണോ? പത്രൊസ് അങ്ങനെ വിചാരിച്ചില്ല. 1 പത്രൊസ് എഴുതിയ അതേ അപ്പൊസ്തലനാണ് ആദ്യത്തെ സുവിശേഷ പ്രസംഗം നടത്തിയത്. അവന്റെ പ്രസംഗത്തിന്റെ അവസാനം ജനക്കൂട്ടം ചോദിച്ചു, തങ്ങൾ എന്തു ചെയ്യേണ്ടു? ഓരോരുത്തൻ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനം ഏൽപിൻ എന്നാണ് പത്രൊസ് അവരോട് പറഞ്ഞത് (പ്രവൃ. 2:38). അവർ ചെയ്യേണ്ടതായ ചിലതുണ്ടായിരുന്നു. ലൂക്കൊസ് ഈ മനോഹരമായ പ്രസ്താവന നടത്തിയിരിക്കുന്നു: “മറ്റു പല വാക്കുകളാലും സാക്ഷ്യം പറഞ്ഞ് അവൻ അവരെ പ്രബോധിപ്പിച്ചു, ഈ വക്രതയുള്ള തലമുറയിൽനിന്നു രക്ഷിക്കപ്പെടുവിൻ എന്നു പറഞ്ഞു” (പ്രവൃ. 2:40). “തലതിരിഞ്ഞസമൂഹത്തിൽനിന്നു രക്ഷിക്കപ്പെടുവിൻ” എന്നാണ് കെജെവിയിൽ. രണ്ട് വായനയിലും ചിലത് ചെയ്യുവാൻ പത്രൊസ് തന്റെ വായനക്കാരോട്

പറഞ്ഞിരിക്കുന്നു.

മനുഷ്യർ പാപത്തിൽ നഷ്ടപ്പെട്ടു പ്രത്യാശയില്ലാതിരുന്നപ്പോൾ, മനുഷ്യ കുടുംബങ്ങളെ രക്ഷിക്കുവാൻ ദൈവമാണ് മുൻകയ്യെടുത്തത് എന്ന കാര്യം സത്യമാണ്, ദൈവമാണ് പ്രവർത്തിച്ചതും. വിശ്വസ്തനായ അബ്രഹാമിനെ ദൈവം വിളിച്ചു. അടിമകളായിരുന്ന ജനത്തെ മിസ്രയിമിൽനിന്ന് അവൻ നയിച്ചു കൊണ്ടുപോയി. രക്ഷകനു വേണ്ടി ഒരു ജനത്തെ ഒരുക്കുന്ന പ്രവൃത്തിയായിരുന്നു അവൻ ചെയ്തത്. ദൈവം തന്റെ ഏകജാതനായ പുത്രനെ അയച്ചു. അതെല്ലാം സത്യമാണ്. എന്നാൽ അവസാനം, മനുഷ്യ പ്രതികരണത്താൽ ദൈവത്തിന്റെ വിളി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞുപോയ ഒന്നിനായിട്ടല്ല ഒരാൾ ക്രിസ്തുവിന്റെ അടുക്കലേക്ക് വരുന്നത്. ആളുകൾ വീണ്ടെടുപ്പ് സന്ദേശം കേൾക്കുമ്പോൾ യേശു ക്രിസ്തുവാണെന്ന് വിശ്വസിക്കുകയും, അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

*മൂന്നാമത്, കഷ്ടപ്പെട്ടുകൊണ്ടിരുന്ന തന്റെ വായനക്കാർ വിശുദ്ധീകരിക്കപ്പെട്ടവരാണെന്ന് അറിയുവാൻ പത്രൊസ് ആഗ്രഹിച്ചു.* "ആത്മാവിന്റെ വിശുദ്ധീകരണ പ്രവൃത്തിയാലാണ്" അവർക്ക് യേശുക്രിസ്തുവിലുള്ള പ്രത്യാശ പങ്കിട്ടതും ദൈവത്തോടു ബന്ധം പുലർത്തുവാൻ കഴിഞ്ഞതും. വിശുദ്ധീകരിക്കപ്പെട്ടാൽ മാത്രമെ വിശുദ്ധരായി തീരുന്നുള്ളു, അങ്ങനെയാണ് ഒരാൾ വിശുദ്ധനായി തീരുന്നത്. അതു ദൈവത്തിനായി മാറ്റി വെച്ചിരിക്കുന്നു. ഈ ലേഖനത്തിന്റെ ആദ്യവായനക്കാരെ ദൈവം തിരഞ്ഞെടുക്കുകമാത്രമല്ല, വിശുദ്ധജനമാക്കുക കൂടെ ചെയ്യുന്നു.

നഷ്ടപ്പെട്ട ഒരു പാപി സുവിശേഷം കേൾക്കുമ്പോൾ, ആ സന്ദേശം വിശ്വസിക്കുകയും ദൈവത്തെ അനുസരിക്കുകയും ചെയ്യും. അവനെ അല്ലെങ്കിൽ അവളെ ദൈവം വിശുദ്ധീകരിക്കുന്നു. ഒരു വ്യക്തിക്കു സ്വയമായി ചെയ്യാവുന്ന ഒന്നല്ല വിശുദ്ധീകരണം. യേശു ക്രൂശിൽ ചിന്തിയ രക്തത്താലാണ് ദൈവം നമ്മെ വിശുദ്ധീകരിക്കുന്നത്. ദൈവത്താൽ വിശുദ്ധീകരിക്കപ്പെട്ടവരാണ് വാസ്തവത്തിലുള്ള വിശുദ്ധന്മാർ. അവരാണ് ദൈവത്തിന്റെ വിശുദ്ധജനം. അവനാണ് നിങ്ങളെ അങ്ങനെ ആക്കുന്നത്. "ഞാൻ വിശുദ്ധൻ" എന്നു പറയുവാൻ പത്രൊസിന് ഒരു മടിയുമില്ലായിരുന്നു. ക്രിസ്ത്യാനിയാവുക എന്നാൽ വിശുദ്ധനാകുക എന്നാണ് അർത്ഥം. പത്രൊസിന്റെ പ്രബോധനവും പുതിയനിയമം പൊതുവിലും പറയുന്നത് ഇതാണ്: ദൈവം നിങ്ങളെ വിശുദ്ധീകരിച്ചതിനാൽ, അവന്റെ ആഗ്രഹമനുസരിച്ച് വിശുദ്ധിയുള്ള ജീവിതം നയിക്കുക. മാനുഷിക യോഗ്യതയുടെ അടിസ്ഥാനത്തിലല്ല വിശുദ്ധി കണക്കാക്കുന്നത്. എങ്കിലും, വിശ്വസ്തമായ പ്രതികരണം വിശ്വസ്തമായ ജീവിതം ആവശ്യപ്പെടുന്നു. പൗലൊസ് നന്നായി തന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ന്യായപ്രമാണം കേൾക്കുന്നവരല്ല, ന്യായപ്രമാണം അനുസരിക്കുന്നവരത്രെ ദൈവസന്നിധിയിൽ നീതിമാൻമാർ" (റോമ. 2:13).

*സംക്ഷിപ്തം.* രണ്ടായിരം വർഷങ്ങളോളം ക്രിസ്ത്യാനികൾ അഭക്തരുടെ എതിർപ്പുകൾ നേരിട്ടിരുന്നു. ചിലപ്പോൾ കഷ്ടത മറ്റുള്ളവയേക്കാൾ ശാരീരികമായിരുന്നു; ചിലപ്പോൾ അത് കൂടുതലും മാനസികമായിരുന്നു. അത് എല്ലായ്പോഴും ഉണ്ടായിരുന്നു. എതിർപ്പിൽനിന്നു സ്വർഗത്തിലേക്കുള്ള ഒരു വാഗ്ദാനവും പത്രൊസ് നൽകിയില്ല. താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ് അവൻ അതിനെ വിവേചിച്ചത്: (1) ക്രിസ്ത്യാനികൾക്ക് കഷ്ടത അനുഭവപ്പെടുമ്പോൾ, അവർ ദൈവത്തിന്റെ വിശുദ്ധ ജനത്തിന്റെ ഒരു വലിയ

വരിയിലാണ്. ഈ കാലത്ത് തങ്ങൾ വിട്ടിൽ ഇരിക്കുവാനുള്ളവരല്ല എന്നു ക്രിസ്ത്യാനികൾ മനസിലാക്കിയിരുന്നു. അവർ ലോകത്തിൽ പ്രവാസികളും, പരദേശികളും, അന്യന്മാരുമാണ്. (2) ലോകം അവരെ കുറിച്ച് എന്തു ചിന്തിച്ചാലും, ക്രിസ്തുവിൽ അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ്. (3) ദൈവം അവരെ വിശുദ്ധരാക്കി തീർത്തു. അവർ വിശുദ്ധരാകുകയും ചെയ്തു. വിശുദ്ധരായതിനാൽ, വിശുദ്ധരായി ജീവിക്കണം.

---

കുറിപ്പുകൾ

[1]ആവ. 32:30, 31; സങ്കീ. 18:2, 31, 46; 19:14; 28:1; 31:2, 3; 42:9; 62:2, 7; 71:3; 78:35; 89:26; 92:15; 94:22; 95:1; 144:1. [2]പോൾ എസ്. മിനെയർ, “ഹോളി പീപ്പിൾ, ഹോളി ലാന്റ്, ഹോളി സിറ്റി: ദ ജെനസിസ് ആന്റ് ജീനിയസ് ഓഫ് ക്രിസ്റ്റ്യൻ ആറ്റിടൂഡ്” ഇന്റർപ്രെട്ടേഷൻ 37 (ജനുവരി 1983), 28. [3]ജെ. ഹോവാർഡ് മാർഷസ്, ന്യൂ ടെസ്റ്റമെന്റ് ടെക്നോളജി: മെനി വിറ്റ്നെസെസ്: വൺ ഗോസ്പെൽ (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 2004), 644. [4]ഗ്രീക്കിൽ “ആത്മാവ്” എന്ന വാക്ക് ജെനറ്റിവ് കെയിസിലാണ് ഉപയോഗിച്ചിരിക്കുന്നത്. അത് സബ്ജക്റ്റിവ് ജെനറ്റിവ് ആണ്. [5]ഏഎം. ടോപ്ലാഡി, “റോക്ക് ഓഫ് ഏജസ്” സോങ്സ് ഓഫ് ദ ചർച്ച്, കമ്പയിന്റ് ആന്റ് എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1977). [6]രാംസെ മൈക്കിൾസ്, 1 പീറ്റർ, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 49 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1988), 12. [7]ബാർട്ടൻ ഡബ്ലിയു. സ്റ്റോൺ വിവിധ സമയങ്ങളിൽ തന്റെ പ്രസിദ്ധീകരണമായ ദ ക്രിസ്റ്റ്യൻ മെസേജിൽ ത്രിത്വത്തെ കുറിച്ച് ലേഖനങ്ങൾ വന്നിട്ടുണ്. അദ്ദേഹത്തിന്റെ 1830 ജൂലൈ ലക്കത്തിലേത് ഇന്റിക്കേറ്റിവ് ആണ് (169–73). ത്രിത്വത്തെ കുറിച്ചുള്ള സംക്ഷിപ്തത്തിനു നോക്കുക, ജെയിംസ് ഡീ ഫോറസ്റ്റ് മർച്ച് ക്രിസ്റ്റ്യൻസ് ഓൺലി: ഏ ഹിസ്റ്ററി ഓഫ് ദ റിസ്റ്റൊറേഷൻ മൂവ്മെന്റ് (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്., 1962), 92.